നം.കെ.എസ്.എ.പി11/1404/2018

തീയ്യതി:16.10.18

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 21.06.2017 മുതൽ 13.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26. എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.09.2018 മുതൽ 19.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി കവിത റ്റി.എം., ഓഡിറ്റ് ഓഫീസർ<br>ശ്രീ ഷൈജു വൈ., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ. ഗോപാലകൃഷ്ണകുറുപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി സുലോചന എൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. ബി.എസ്. അനീഷ് മോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. എം.കെ.സത്യവ്രതൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ഷൈനിലാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ മതി പി.എം.ഷൈലജ | 01.04.2017 മുതൽ 07.06.2017 വരെ |
| | ശ്രീ സന്തോഷ് കുമാർ റ്റി. | 08.06.2017 മുതൽ 22.01.2018 വരെ |
| | ശ്രീമതി സതി എൻ. | 23.01.2018 മുതൽ 16.02.2018 വരെ |
| | ശ്രീ ഷാജു പി. | 17.08.2018 മുതൽ 31.03.2018 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം:</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1** | |
| | <u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u> | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ദുരിതാശ്വാസ നിധി | 1-13 |
| 14 | മാതൃകാ പദ്ധതി | 1-14 |
| | ഭാഗം **2**<br><br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം | 2-1 |
| 16 | നൂറ് ശതമാനം നികുതി പിരിവ് നേടി; ശ്ലാഘനീയമായ പ്രവർത്തനം | 2-2 |
| 17 | സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല | 2-3 |
| 18 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നു. | 2-4 |
| 19 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-5 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 |
| 21 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-7 |
| 22 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർഫീസ് തിരികെ ലഭിച്ചില്ല | 2-8 |
| 23 | അനധികൃത ഇറച്ചി വ്യാപാരം; പഞ്ചായത്തിന് വരുമാന നഷ്ടം | 2-9 |
| 24 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-10 |
| 25 | നിഷ്ക്രിയ അക്കൗണ്ടുകൾ (WesternGhat & Saksharatha) ക്ലോസ് ചെയ്യിക്കേണ്ടതാണ് | 2-11 |
| | ഭാഗം **3**<br><br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-1 |
| 27 | സമ്പൂർണ്ണ ജൈവ പച്ചക്കറി ഗ്രാമം- പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-2 |
| 28 | തെരുവ് വിളക്ക് വാങ്ങൽ - ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തിയില്ല; സ്റ്റോക്ക്, വിതരണ വിവരങ്ങൾ കൃത്യമല്ല | 3-3 |
| 29 | സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകി | 3-4 |
| 30 | പശ്ചാത്തല മേഖലയിലെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവച്ച് പദ്ധതികൾ വ്യർത്ഥമായ പദ്ധതികൾ നടപ്പിലാക്കുന്നു | 3-5 |
| 31 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 28.79 ലക്ഷം രൂപ | 3-6 |

| | | |
|---|---|---|
| 32 | കോൺഫറൻസ് ഹാളിലേക്ക് ടേബിളും, ചെയറും; വിലയ്ക്ക് അനുസൃതമായ ഗുണനിലവാരം ഇല്ല | 3-7 |
| 33 | ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തനക്ഷമമാക്കിയില്ല | 3-8 |
| 34 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ്- തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പ്രവൃത്തി നടപ്പിലായില്ല | 3-9 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല – ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 31.42ലക്ഷം രൂപ | 3-10 |
| 36 | വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന 4.33 ലക്ഷം രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 3-11 |
| 37 | പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - ഫീസിബിലിറ്റി ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കി | 3-12 |
| 38 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി | 3-13 |
| 39 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ; പദ്ധതി സമയബന്ധിതമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച | 3-14 |
| 40 | വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ സേവന നികുതി (Service Tax) ഒടുക്കിയില്ല; അക്കൗണ്ടിംഗിലും പിഴവ് | 3-15 |
| 41 | തുടർ സാക്ഷരത – തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിച്ചില്ല | 3-16 |
| 42 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മാണ പ്രവൃത്തിയുടെ പ്രോജക്ട് ആവിഷ്കരിച്ചു; പദ്ധതി നടപ്പായില്ല | 3-17 |
| 43 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് യാഥാർത്ഥ്യമായില്ല | 3-18 |
| 44 | പൊതു ടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു; പ്രതിവർഷ ബാദ്ധ്യത 9.86 ലക്ഷം | 3-19 |
| 45 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നില്ല; കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത | 3-20 |
| 46 | അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നില്ല | 3-21 |
| 47 | പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല | 3-22 |
| 48 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ; മരുന്നുകൾ പൂർണ്ണായി ലഭിച്ചിട്ടില്ല | 3-23 |
| 49 | ആശ്രയ – രണ്ടാം ഘട്ട പദ്ധതി സ്തംഭനാവസ്ഥയിൽ | 3-24 |
| 50 | ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ വസ്തുലഭിച്ചവർ ഇപ്പോഴും ഭവനരഹിതർ | 3-25 |
| 51 | പാൽ ഉല്പാദനത്തിന് ഇൻസെന്റീവ്; പദ്ധതി നിർവ്വഹണത്തിൽ അപാകത | 3-26 |
| | ഭാഗം **IV -** പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 3-37 |
| 52 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 53 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ | 4-2 |

| | | |
|---|---|---|
| | വിവരങ്ങൾ | |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 55 | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 57 | ഓഡിറ്റ് റിക്കവറി | 4-6 |
| 58 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 59 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 60 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 27.03.2017-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 09.03.2018 1-ാം നമ്പർ തീരുമാനം |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 3921875 | 9479358 | (+)5557483 |
| വരവ് | 171619400 | 45871140 | (-)125748260 |
| ആകെ | 175541275 | 55350498 | (-)120190777 |
| ചെലവ് | 170995800 | 44586038 | (-)126409762 |
| നീക്കിയിരിപ്പ് | 4545475 | 10764460 | (+)6218985 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 31.07.2018 | 14.05.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 18.06.2018 മുതൽ 19.06.2018 വരെ |

പരിശോധനയുടെ അടിസ്ഥാനത്തിൽ കെ.എസ്.എ.പി.റ്റി.എ.പി.11/785/ 2018, തീ.11.07.2018നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 9479358 |
| വരവ് | 45871140 |
| ആകെ | 55350498 |
| ചെലവ് | 44586038 |
| നീക്കിബാക്കി | 10764460 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6494059 | 6494059 | 6265487 | 228572 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6171529 | 6171529 | 5455800 | 715729 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4321908 | 4321908 | 3078500 | 1243408 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2584108 | 2584108 | 2584108 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3848112 | 3848112 | 3848112 | 0 |
| ലോക ബാങ്ക് സഹായം | 0 | 955187 | 955187 | 955187 | 0 |
| എസ്.സി.ബി., ഇലവുംതിട്ട – തനത് ഫണ്ട് അക്കൗണ്ട് | 5149516 | | 0 | | 9782881 |

| | | | | | |
|---|---|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – ലൈബ്രറി -പേയ്മെന്റ് അക്കൗണ്ട് | 7437 | | 0 | | 8692 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – സാക്ഷരത അക്കൗണ്ട് | 67352 | | 0 | | 67352 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് - 5 | 4119363 | | 0 | | 249625 |
| സിൻഡിക്കേറ്റ് ബാങ്ക് - ഓൺലൈൻ അക്കൗണ്ട് | 0 | 316974 | 316974 | | 316974 |
| ക്യാഷ് ബാലൻസ് | 129422 | | 0 | | 130186 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 180 | 115 | 65 | 66% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 12 | 7388327 | 3435537 | 46.5 |
| കൃഷി ഓഫീസർ | 15 | 8 | 1917825 | 1014950 | 52.92 |
| വെറ്റിനറി സർജൻ | 7 | 6 | 2716000 | 781750 | 28.78 |
| വി.ഇ.ഒ. | 6 | 5 | 2227000 | 1450465 | 65.13 |
| എൽ.വി.ഇ.ഒ. | 2 | 1 | 2575000 | 1625000 | 63.11 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 101 | 59 | 20865940 | 9334225 | 44.73 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 2346200 | 1540469 | 65.66 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 4 | 900700 | 809700 | 89.9 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 465000 | 449365 | 96.64 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 6 | 5 | 1246555 | 783618 | 62.86 |
| ഡയറി എക്സ്റ്റൻഷൻ | 1 | 1 | 500000 | 250000 | 50 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1351275 | 849257 | 62.85 |
| ആകെ | 180 | 115 | 44599822 | 22424336 | 50.28 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ മതിയായ എണ്ണം ഹാജർ ഉണ്ടായിരുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, എടുത്ത തീരുമാനങ്ങളോ മിക്ക മിനിട്സിലും ഇല്ലായിരുന്നു എന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് മോണിട്ടർ ചെയ്യാത്തത് പദ്ധതി പണത്തിന്റെ പാഴ്ച്ചെലവിൽ കലാശിച്ചിട്ടുണ്ട് (ഉദ: കൃഷി ഓഫീസർ നടപ്പിലാക്കിയ സമ്പൂർണ്ണ പച്ചക്കറി ഗ്രാമം)
2. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.ഇത് ആശാസ്യകരമായ പ്രവർത്തനമല്ല.
3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് ചെറിയ നീളം കോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
4. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ശ്മശാനം സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളൊന്നും തന്നെ ലക്ഷ്യം കണ്ടില്ല.
6. വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).
7. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളിലായി വൻ തുക മുടങ്ങി കിടക്കുന്നു.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 776200 | 4281754 | +3505554 |
| നികുതിയേതര വരവുകൾ | 2891502 | 3185381 | +293879 |
| മറ്റ് വരവുകൾ | 577167 | 5925671 | +154000 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ | പദ്ധതി | ഗുണഭോക്താക്കളുടെ | ചെലവ് |
|---|---|---|---|

| നം. | | എണ്ണം | |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 1019 | 3018500 |
| 2 | തൊഴിൽ രഹിത വേതനം | 28 | 14640 |
| 3 | വിധവാ പെൻഷൻ | 500 | 5992600 |
| 4 | വികലാംഗ പെൻഷൻ | 143 | 1803800 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 240500 |
| 6 | വാർദ്ധക്യകാല പെൻഷൻ | 1019 | 13594000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2018-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17650 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രോജക്ട് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ട് നീങ്ങുന്നു.

വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പ്രത്യേകിച്ച് തെരുവ് വിളക്കുകൾക്കാവശ്യമായ സാധന സാമഗ്രികളുടെ സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

പേഴ്സണൽ രജിസ്റ്റർ: പേഴ്സണൽ രജിസ്റ്ററുകൾ എല്ലാ സെക്ഷനുകളിലും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന സംഗതികളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവിൽ തൃപ്തികരമാണ്.

പ്രോക്യൂർമെന്റ്: പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 31.03.2009 വരെയുള്ള വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.08.2018 | ജൂലായ്, 2018 | 01.09.2018 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 24.04.18-05.05.18 | 2013-14 മുതൽ 2017-18 വരെ | 21.06.18 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1) വസ്തു നികുതി- ഡിമാന്റ്,ബാലൻസ്,കളക്ഷൻ -സാംഖ്യ,സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2)ഷെഡ്യൂൾ ബി9- പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ലയബിലിറ്റിയായി കാണിച്ചിരിക്കുന്ന 41108 രൂപ ഏപ്രിൽ 2018-ൽ ടി ഇനത്തിൽ ഒടുക്കിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) ഷെഡ്യൂൾ ബി11- ഡിപ്രീസിയേഷൻ തുക കണക്കാക്കിയത് സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-13 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-14 മാതൃകാ പദ്ധതി

ഗ്രാമപഞ്ചായത്തിലെ ഇലവുംതിട്ട മാർക്കറ്റിൽ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 7.73ലക്ഷം രൂപ ചെലവഴിച്ച് ഒരു എയറോബിക് കംപോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 85/17 | എയറോബിക് യാർഡ് പുനരുദ്ധാരണം | 247702 |
| 138/17 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം | 481369 |
| 150/17 | എയറോബിക് പ്ലാന്റ് ഇലക്ട്രിഫിക്കേഷൻ | 44000 |
| ആകെ | | 773071 |

മാർക്കറ്റിലെ ജൈവ മാലിന്യങ്ങളും ടൗണിലെ ഹോട്ടലുകളിൽനിന്നും കടകളിൽനിന്നുമുള്ള മാലിന്യങ്ങൾ ശേഖരിച്ച് ഫലപ്രദമായി സംസ്കരിക്കുന്നതിന് ഈ സംവിധാനത്തിലൂടെ കഴിയുന്നുണ്ട്. ഒരു ജീവനക്കാരിയെ മാസം 7750 രൂപ വേതനത്തിൽ നിയമിച്ചാണ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത്. ഭംഗിയായി പ്ലാന്റിന്റെ പ്രവർത്തനം നടക്കുന്നതായും, മാർക്കറ്റിലെ മത്സ്യാവശിഷ്ടങ്ങളും, പച്ചക്കറിയുൾപ്പടെയുള്ള മറ്റ് അഴുകുന്ന മാലിന്യങ്ങളും പൂർണ്ണമായി സംസ്കരിച്ച് ജൈവവളം ഉൽപാദിപ്പിച്ച് ആവശ്യക്കാർക്ക് വിലയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം മാർക്കറ്റിലെ ജൈവമാലിന്യ പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന രീതിയിൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അഭിനന്ദനം അർഹിക്കുന്നു.

കംപോസ്റ്റിംഗ് യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന ജൈവവളം പഞ്ചായത്തിന്റെ കാർഷിക പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം

നികുതി നികുതിയേതര വരവ് ഇനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുക, പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക രേഖകളുടെയും, രജിസ്റ്ററുകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുക, പ്രതിമാസ വരവ് ചെലവ് അക്കൗണ്ടുകൾ പരിശോധിച്ച് അംഗീകരിക്കുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ഓഡിറ്റ് വർഷം 13 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. തൽഫലമായി ഓഡിറ്റ് വർഷം 100 ശതമാനം നികുതി പിരിവ് ആർജ്ജിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എന്നാൽ പുതിയ റവന്യൂ വരവുകൾ കണ്ടെത്തി പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. പ്ലാസ്റ്റിക് പരിപാലന ചട്ടം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ചട്ടത്തിൽ പറയുന്ന പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസ് പഞ്ചായത്തുകൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ഫീസ് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഇലവുംതിട്ട ടൗണിലുള്ള പുതിയ ഷോപ്പിംഗ് കോംപ്ലക്സ് 2008-09 വർഷം ശ്രീ കെ.സി.രാജഗോപാൽ എം.എൽ.എ-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുള്ളതാണ്. ബഹുനില കെട്ടിടമായി ഡിസൈൻ ചെയ്തിട്ടുള്ള ഈ കെട്ടിത്തിന്റെ താഴത്തെ നിലമാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന് ഒന്നാം നില നിർമ്മിച്ച് വാണിജ്യാവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കും. വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്താണ് ഷോപ്പിംഗ് കോംപ്ലക്സ് നിൽക്കുന്നത്. എന്നാൽ ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2015-16 വർഷിര പദ്ധതിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് തുക വകയിരുത്തിയിരുന്നെങ്കിലും 2016-17 വർഷം സ്പിൽ ഓവറായി നിലനിർത്തിയതിനുശേഷം പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

താരതമ്യേന തനത് വരുമാനം കുറവുള്ള പഞ്ചായത്തിന്റെ റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 നൂറ് ശതമാനം നികുതി പിരിവ് നേടി; ശ്ലാഘനീയമായ പ്രവർത്തനം

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 100% നികുതി പിരിവ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷാരംഭത്തിൽ വസ്തുനികുതി ഇനത്തിൽ 1338240 കുടിശ്ശിക ഉണ്ടായിരുന്നത് ഉൾപ്പെടെ 3620903 രൂപ പിരിച്ചെടുത്തു. ജീവനക്കാരുടെയും, ജനപ്രതിനിധികളുടെയും കൂട്ടായ പരിശ്രമത്തിലൂടെയാണ് ശ്രദ്ധേയമായ ഈ നേട്ടം കൈവരിച്ചത്. ശ്രീബുദ്ധ എഞ്ചിനീയറിംഗ് കോളജിന്റെ 2013-14 മുതൽ 2017-18 വരെയുള്ള വസ്തുനികുതി നിയമനടപടിയിലൂടെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്.

## 2-3 സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

തെരുവു വിളക്കുകളുടെ പരിപാലനം, ജലവിതരണം എന്നീ സേവനങ്ങൾക്ക് ഗണ്യമായ തുകയാണ് ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരവ് പഞ്ചായത്തിന്റെ ശമ്പളവും, ഓണറേറിയവും, മറ്റ് അനിവാര്യ ചെലവുകളും നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉപനികുതി ചുമത്തുന്നതിലൂടെ ഉണ്ടാകുന്ന അധിക വരുമാനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 232 ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ടിന് വിരുദ്ധമായി താഴെപ്പറയുന്ന വ്യക്തികൾ 2017-18 സാമ്പത്തികവർഷം മുതൽ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ നടത്തുന്നുണ്ട്.

| ക്രമ നം. | നടത്തുന്ന വ്യക്തിയുടെ പേര് | വാർഡ് | ഫാമിന്റെ തരം |
|---|---|---|---|
| 1 | ശ്രീമതി ഷേർളി തോമസ്, ചാണശ്ശേരിൽ, മെഴുവേലി | III | കന്നുകാലി ഫാം |
| 2 | ശ്രീ രാമരാജൻ, രാമപുരത്ത്, മെഴുവേലി | XIII | കന്നുകാലി ഫാം |
| 3 | ശ്രീമതി സതിഭായി എൻ., ബാലരാജ സദനം, ഇലവുംതിട്ട | XI | എഗ്ഗർ നഴ്സറി |

മേൽ പറഞ്ഞ ഫാമിൽ സംരക്ഷിക്കപ്പെടുന്ന മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം, വളർത്തുന്നതിനാവശ്യമായ കുറഞ്ഞ സ്ഥല വിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1 /16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. തദ്ദേശ ഭരണ സ്ഥാപനം ഈ ആവശ്യത്തിലേക്ക് ബൈലോ തയ്യാറാക്കി ഫീസ് നിശ്ചയിച്ച് ഈടാക്കണം. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 207 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ പകുതിയിലേറെ വ്യാപാരികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവരാണ്. ഇവരിൽ നിന്നും ബൈലോയുടെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് നിർമ്മാർജന ഫീസ് ഈടാക്കിയിരുന്നെങ്കിൽ ഗണ്യമായ വരുമാനം പഞ്ചായത്തിന് ലഭിക്കുമായിരുന്നു. ബൈലോ തയ്യാറാക്കി പ്ലാസ്റ്റിക് നിർമ്മാർജ്ജന ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ അനുസരിച്ച് ഒരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ വ്യാപരത്തിൽ ഏർപ്പെടുന്ന സ്ഥാപനങ്ങൾ വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽനികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2017-18-ലെ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| 1 | ബിഎസ്..എൻ.എൽ | 2500 |
| 2 | മെഴുവേലി സർവീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് | 2500 |
| 3 | ക്ഷീരോല്പാദക സഹകരണ സംഘം, നെടിയകാല | 2500 |
| 4 | ട്രിനിറ്റി സൂപ്പർ മാർക്കറ്റ് | 2500 |
| | ആകെ | 10000 |

ടി സ്ഥാപനങ്ങൽനിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതുമൂലം ഒഡിറ്റ് വർഷം മാത്രം 10000 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. നികുതി കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 9 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർഫീസ് തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ ചെയ്ത പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് നിർമ്മാണവും അനുബന്ധ പ്രവർത്തികളും എന്ന പ്രോജക്ടിന്റെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ വാങ്ങിയിട്ടില്ല. 28-09-2013-ലെ ജി.ഒ.(എം.എസ്) 318/2013 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി, എക്സി. എഞ്ചിനീയറുടെ പേരിലുളള അക്കൗണ്ടിലാണ് ഒടുക്കുന്നത്. ടി പ്രോജക്ടിന്റെ അടങ്കൽ 16 ലക്ഷം രൂപയായിരുന്നു. അടങ്കൽ തുകയുടെ 0.25% തുക ടെണ്ടർ ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട് (₹4000). 2016-17 മുതൽ 2017-18 വരെ കാലയളവിൽ ഈ ഇനത്തിൽ മെഴുവേലി പഞ്ചായത്തിന് ലഭിക്കേണ്ടതായ 20930 രൂപയാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നത്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 അനധികൃത ഇറച്ചി വ്യാപാരം; പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40 പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). എന്നാൽ മേൽ നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ അനധികൃത കശാപ്പ് നടക്കുന്നതായും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക്ക് മാർക്കറ്റിനുള്ളിൽ അനധികൃതമായി ഇറച്ചി വിൽപ്പന നടക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അറവു ശാല സ്ഥാപിച്ചി ഇറച്ചി വ്യാപാരത്തിനുളള ലൈസൻസ് ലേലത്തിൽ നൽകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടവും ഉണ്ടാകുന്നു.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-10 എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഡെലിക് ക്യാഷ്യു ഇൻഡസ്ട്രീസ്, മൂല്ലൂർ<br>(ഓഫീസ് സ്റ്റാഫ് നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥരാണ്) | 100 |
| 2 | എസ്.& എസ്. അസോസിയേറ്റ്സ്, ഇലവുംതിട്ട | 2 |
| 3 | എസ്.മഹൽ രാജൻ, മെഡിക്കൽ സ്റ്റോർ, ഇലവുംതിട്ട | 3 |
| 4 | എലഗന്റ് ബ്യൂട്ടിക്, ഇലവുംതിട്ട | 2 |
| 5 | മാളു സോഫ്റ്റ് ഡ്രിങ്ക്സ്, ഇലവുംതിട്ട | 3 |
| 6 | തറയിൽ സൂപ്പർമാർക്ക്, ഇലവുംതിട്ട | 1 |
| 7 | ലോയൽ ഹോളോബ്രിക്സ്, മെഴുവേലി | 3 |
| 8 | പുഷ്പ ഫ്യുവൽസ് | 3 |
| 9 | ഭാഗ്യ മാർക്കറ്റിംഗ് കമ്പനി | 4 |
| 10 | അശോക ഹോട്ടൽ, ഇലവുംതിട്ട | 4 |
| 11 | പൂവൻമല റീത്താ ഫ്യൂവത്സ് | 3 |
| 12 | ശ്രീദേവി ഹോളോ ബ്ലോക്ക് ഇൻഡസ്ട്രീസ് | 3 |
| 13 | ടിനിറ്റി സൂപ്പർ മാർക്കറ്റ്, ഇലവുംതിട്ട | 6 |
| 14 | അപ്പു അമ്മു എഞ്ചിനീയറിംഗ് വർക്സ്, കുറിയാനിപ്പള്ളി | 2 |
| 15 | അപ്പു അമ്മു ബ്രിക്സ് | 3 |
| 16 | പല്ലവി ഓഫ് സെറ്റ് | 2 |
| 17 | നളന്ദ അസോസിയേറ്റ്സ് | 6 |
| 18 | മലയിൽ പടിഞ്ഞാറ്റതിൽ സാമിൽ & ഫർണിച്ചർ മാർട്ട് (വാർഡ് VII) | 4 |

| | | |
|---|---|---|
| 19 | ഇന്റർ ഓപ്റ്റിക്സ് & കോൺടാക്ട് ലെൻസ് ക്ലിനിക് ((വാർഡ് VII) | 2 |
| 20 | ഗ്രേസ് പാക്കേജ്ഡി ഡ്രിങ്കിംഗ് വാട്ടർ (വാർഡ് II) | 3 |
| 21 | ആശ സോഡ & സോഫ്റ്റ് ഡ്രിങ്കിംഗ് (വാർഡ് V) | 2 |
| 22 | ഫ്രഷ് ഇൻഡസ്ട്രീസ് & മാർക്കറ്റിംഗ് (വാർഡ് VIII) | 5 |
| 23 | ആനന്ദ പേവിംഗ് ബ്ലോക്ക് (വാർഡ് VIII) | 4 |
| 24 | S.G. എഞ്ചിനീയറിംഗ് വർക്സ് (വാർഡ് IX) | 2 |
| 25 | രാജൻ ഹോം അപ്ലൈൻസസ് (വാർഡ് VII) | 2 |

തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 18 മുതൽ 20 വരെ ചട്ടങ്ങൾ പഞ്ചായത്ത് പരിധിയിലുള്ള ഓഫീസുകൾ, വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടത് എപ്രകാരമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി ചട്ടം 18 അനുസരിച്ചുള്ള V-ാം നമ്പർ ഫോറത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലൂടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരും നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും തലവന്മാരോടും, തൊഴിലുടമകളോടും ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് V-ാം നമ്പർ ഫോറത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും, അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിനും ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാകുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് ഭാവിയിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-11 നിഷ്ക്രീയ അക്കൗണ്ടുകൾ (WesternGhat & Saksharatha) ക്ലോസ് ചെയ്യിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷിക അക്കൗണ്ട്, ബാങ്ക് പാസ്സ്ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ സാക്ഷരത, പശ്ചിമഘട്ട വികസന പദ്ധതി എന്നിവയുടെ അക്കൗണ്ടുകൾ പൂർണ്ണമായും നിഷ്ക്രീയമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി അക്കൗണ്ടുകളിൽ ഇടപാടുകൾ ഉണ്ടായിട്ടില്ല. പലിശയിനത്തിലുള്ള വരവുകൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. സാക്ഷരതയുമായി ബന്ധപ്പെട്ട് നിലവിൽ പ്രേരക്മാരുടെ ശമ്പളം അവരവരുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുകയും പശ്ചിമഘട്ട വികസന പദ്ധതി സർക്കാർ അവസാനിപ്പിച്ച പദ്ധതിയുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ടിന്റെ വിവരം | അക്കൗണ്ട് നമ്പർ | 31-03-2018-ൽ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | സാക്ഷരത | 57010522604 | 67352 |
| 2 | പശ്ചിമഘട്ട വികസന പദ്ധതി | 67218391228 | 7872 |

പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും അവശേഷിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽകൂട്ടി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും, ക്ഷീരവികസനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നു. ഓഡിറ്റ് വർഷം വികസന സ്റ്റാന്റിംഗ് കമ്മിറ്റി 16 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം എന്ന നിലയിൽ അടുത്ത അഞ്ച് വർഷം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഒരു സമഗ്ര കാഴ്ചപ്പാട് രൂപീകരിക്കുകയും, ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവസ്ഥാ രേഖ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നുവെന്നത് ഉറപ്പുവരുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സാധിച്ചിട്ടില്ല. കാർഷിക മേഖലയിൽ നടപ്പിലാക്കിയ ഭൂരിപക്ഷം പ്രോജക്ടുകളും വളത്തിന് സബ്സിഡി നൽകുന്നതിനുള്ളവയായിരുന്നു. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനും, ആധുനിക ശാസ്ത്രീയ കാർഷിക രീതികൾ നടപ്പിലാക്കുന്നതിനും, പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ വികലമായ വികസന കാഴ്ചപ്പാടാണ് പഞ്ചായത്തിനുള്ളത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം, വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികളിൽ 40 ശതമാനത്തിലേറെ നടപ്പിലാക്കാനാവാതെ സ്പിൽ ഓവറാകുന്നു.

പഞ്ചായത്ത് അനിവാര്യമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ശ്മശാനം, അറവു ശാല എന്നിവ സ്ഥാപിക്കുന്നതിനോ, ഫലപ്രദമായ ഖരമാലിന്യ പരിപാലന പരിപാടികൾ നടപ്പിലാക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതി കാലയളവിലും ശ്മശാനത്തിന് സ്ഥലം വാങ്ങുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടായിട്ടില്ല.

# 3-2 സമ്പൂർണ്ണ ജൈവ പച്ചക്കറി ഗ്രാമം- പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | സമ്പൂർണ്ണ ജൈവ പച്ചക്കറി ഗ്രാമം |
| വകയിരുത്തിയ തുക | 738000 ( വികസന ഫണ്ട്) |
| ചെലവ് തുക | 609200 |
| ബിൽ നമ്പരും തീയതിയും | 2/2017-18 തീയതി 21-12-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുബങ്ങൾക്കും പച്ചക്കറി വിത്തുകളും ജൈവവളവും നൽകി സമ്പൂർണ്ണ ജൈവ പച്ചക്കറി ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് സമ്പൂർണ്ണ ജൈവ പച്ചക്കറി ഗ്രാമം എന്ന പ്രോജക്ട്. പദ്ധതി പ്രകാരം 4500 കിറ്റ് പച്ചക്കറി വിത്തുകളും 34200 കി.ഗ്രാം ജൈവവളം എന്നിവ വാങ്ങുന്നതിനായിട്ടാണ് തുക ചെലവിട്ടത്. പച്ചക്കറി വിത്തുകൾക്കായി 225000 രൂപയും ജൈവവളത്തിനായി 384000 രൂപയുമാണ് കെയ്ക്കോ, തിരുവല്ല എന്ന സ്ഥാപനത്തിന് നൽകിയത്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെയ്ക്കോ, തിരുവല്ല എന്ന സ്ഥാപനം കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തിൽ നിന്നുമാണ് ടെണ്ടർ നടപടികൾ കൂടാതെ വിത്തും വളവും വാങ്ങിയത്. സ.ഉ (സാധാ)3299/2016/ ത.സ്വ.ഭ.വ തീയതി 02-12-2016 പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ അവ നിർമ്മിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. ആയതിന് വിരുദ്ധമായാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2) വിതരണ രേഖകൾ പ്രകാരം 4150 പച്ചക്കറി വിത്തുകളുടെ കിറ്റുകൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നത്. 350 കിറ്റുകളുടെ വിതരണ വിവരം ലഭ്യമായില്ല.

3)ജൈവ വളം വിതരണം ചെയ്തതിന്റെ രേഖകൾ കൃത്യമല്ല. ഓരോ ഗുണഭോക്താവിനും എത്ര കിലോ വീതം വളം നൽകി എന്നത് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആകെയുള്ള 13 വാർഡുകളിൽ 5,7,8,9,12 എന്നീ വാർഡുകളിൽ വളം വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

4) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവവള വിതരണത്തിന് 75 % തുക മാത്രമാണ് സബ്സിഡി അനുവദനീയം . ടി പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനാൽ 100 % തുകയും സബ്സിഡി നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്ത സാഹചര്യത്തിൽ ജൈവവളത്തിന് ചെലവിട്ട 384000 രൂപയുടെ 25% തുകയായ 96000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

5) കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലൈബലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമയി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ ,തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ , സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ എന്നിവ വാങ്ങി കൃഷി ഓഫീസർക്ക് വിതരണം ചെയ്യാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ജൈവവളം ലഭ്യമാകുമോയെന്ന് പരിശോധിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ കെയ്ക്കോയിൽ നിന്നും പർച്ചെയ്സ് നടത്തിയിരിക്കുന്നത്.

6) കൃഷി വകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കെയ്കോയിൽ നിന്നും പർച്ചെയ്സ് നടത്തിയിരിക്കുന്ന ജൈവവളം ഇപ്രകാരം അംഗീകാരമുള്ളതാണോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

7) ജി.ഒ (എം.എസ്) 13/2015/ഐ.ടി.ഡി തീ 12-05-2015 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിക്കണം. എന്നാൽ ടി പ്രോജക്ട് പ്രകാരമുള്ള സാധനങ്ങളുടെ സമാഹരണത്തിൽ ഇപ്രകാരമുള്ള ഒരു നടപടിക്രമം പാലിച്ചിട്ടില്ല.

8) പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധന ഉണ്ടായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( എൻക്വയറി നം-14/17-18 തീ 17-09-2018) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായ 96000 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ആകെ ചെലവ് തുകയിൽ നിരാകരിച്ച തുകയൊഴികെയുള്ള 513200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവിനെ പൂർണ്ണമായും സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ഉത്തരവാദിയായ കൃഷി ഓഫീസർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 തെരുവ് വിളക്ക് വാങ്ങൽ - ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തിയില്ല; സ്റ്റോക്ക്, വിതരണ വിവരങ്ങൾ കൃത്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 93/18 |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 589500<br>(ബിൽ നം.10/17-18 തീയതി:27.09.2017) |

2017-18-ലെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് തെരുവ് വിളക്ക് വാങ്ങലും അറ്റകുറ്റപ്പണികളും. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 5 ലക്ഷവും, തനത് ഫണ്ടിൽനിന്നും 3 ലക്ഷവും ഉൾപ്പടെ ആകെ 8 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയത്. പ്രോജക്ടിന്റെ ഭാഗമായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ 6.93 ലക്ഷം രൂപയുടെ സാധന സാമഗ്രികൾ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽനിന്നും വാങ്ങി. ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രസ്തുത ചെലവ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്.)നം.13/2015/ITD തീ. 12.05.15 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 8 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വാങ്ങൽ നടപടികൾ സുതാര്യവും, അഴിമതി രഹിതവും, കാര്യക്ഷമവുമാക്കുന്നതിനാണ് സർക്കാർ ഇ-പ്രോക്യൂർമെന്റ് നിഷ്കർഷിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശം ലംഘിച്ച് വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്.
2. പ്രോക്യൂർമെന്റ് മാർഗ്ഗേരഖ പ്രകാരം 100000 രൂപയിൽ അധികം തുകയ്ക്കുള്ള വാങ്ങലുകളുടെ സംഗതിയിൽ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതും, ടെണ്ടർ സമർപ്പണത്തിന് പരസ്യ തീയതി മുതൽ 21 ദിവസം നൽകേണ്ടതുമാണ്. എന്നാൽ പത്ര പരസ്യം നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
3. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ ഇല്ലാതെയാണ് ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്. സാധന സാമഗ്രികളുടെ വാങ്ങലുകൾക്കുള്ള ടെണ്ടറുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെ സാന്നിദ്ധ്യത്തിൽ തുറക്കേണ്ടതും, ടെണ്ടറുകൾ പ്രോക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യേണ്ടതും അനിവാര്യമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.
4. പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള ഇലക്ട്രിക്കൽ സാധനങ്ങൾ യഥാവിധി സ്റ്റോക്കിൽ ചേർത്ത് വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇഷ്യു ചെയ്ത തീയതി, സ്റ്റോക്ക് കൈപ്പറ്റിയ വ്യക്തിയുടെ പേര് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി വാങ്ങിയ സാധന സാമഗ്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Item | Qty. | Amount |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Single Tube Set (Full fittings) | 411 | 608281.69 |
| 2 | Pendent Holder | 198 | 3960.62 |
| 3 | Insulation Tape | 65 | 715.26 |
| 4 | Crompton Tube | 125 | 5500.29 |
| 5 | Copper Choke | 125 | 22499.25 |
| 6 | Side Holder | 250 | 2000.89 |
| 7 | Starter For FTL | 135 | 1214.96 |
| 8 | Aluminium Shade | 150 | 7033.16 |
| 9 | Aluminium Wire 1.5 | 39 | 11660.92 |
| 10 | Crompton CFL 15W | 310 | 30691.40 |
| | Total | | 693558.44 |
| | Discount | | 521 |
| | Net Amount | | 693037.44 |

5. മേൽ കാണിച്ചിരിക്കുന്ന പ്രകാരം 411 സിംഗിൾ ട്യൂബ് സെറ്റുകൾ സ്ഥാപനം സപ്ലൈ ചെയ്തിട്ടുണ്ട്. ട്യൂബ് സെറ്റ് ഇലക്ട്രിക് പോസ്റ്റിൽ സ്ഥാപിക്കുന്നതിന് 200 രൂപ ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത് (ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം). ഇലക്ട്രിക് പോസ്റ്റുകളിൽ പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കേണ്ടതുണ്ട്. എന്നാൽ വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ൽ തുക ഒടുക്കിയിട്ടില്ല. സാധനം സപ്ലൈ ചെയ്ത സ്ഥാപനം തന്നെ ഇവ പോസ്റ്റുകളിൽ സ്ഥാപിച്ചതായാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ വാങ്ങിയ 411 ട്യൂബ് സെറ്റുകളും പോസ്റ്റുകളിൽ സ്ഥാപിച്ചതിനുള്ള യാതൊരു തെളിവും ഫയലിൽ ഹാജരാക്കിയിട്ടില്ല (ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട്, കെ.എസ്.ഇ.ബി. അധികൃതരുടെ സാക്ഷ്യപത്രം etc.). ട്യൂബ് സെറ്റുകൾ സപ്ലൈ ചെയ്ത സ്ഥാപനത്തെ തന്നെ ഇവ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തിയുടെ മേൽനോട്ടം കൃത്യമായി നടത്തുകയും, പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. ഈ സാഹചര്യത്തിൽ 411 ട്യൂബ് സെറ്റുകളും യഥാവിധി പോസ്റ്റുകളിൽ സ്ഥാപിക്കപ്പെട്ടുവെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 690000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ വിശദമായ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സബ്സിഡി മാർഗ്ഗരേഖയിൽ അധികം തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വെറ്റില കൃഷി (ജനറൽ) |
| വകയിരുത്തിയ തുക | 100000 ( വികസന ഫണ്ട്) |
| ചെലവ് തുക | 98750 |
| ബിൽ നമ്പരും തീയതിയും | 1/2017-18 തീയതി 10-11-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ (എം.എസ്) നം-80/2017 ത.സ്വ.ഭ.വ തീയതി 03-04-2017)

പ്രകാരം ടി പദ്ധതിക്ക് ഒരു കർഷകന് നൽകാവുന്ന പരമാവധി സബ്സിഡി തുക 3500 രൂപയാണ്. എന്നാൽ ഓരോ കർഷകനും നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകിയ സബ്സിഡി തുക 3950 രൂപ വീതമാണ്. ഇപ്രകാരം 25 കർഷകർക്കായി 3950 രൂപ വീതം 98750 രൂപയാണ് നൽകിയത്. ഓരോ കർഷകനും 450 രൂപ വീതം 25 ഗുണഭോക്താക്കൾക്ക് 11250 രൂപ (25 x 450= 11250 രൂപ ) അധികമായി നൽകി . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( എൻക്വയറി നം-14/17-18 തീ 17-09-2018) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടമായ 11250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നു

പൊതുമരാമത്ത് മേഖലയിൽ വികലമായ വികസന കാഴ്ചപ്പാടാണ് പഞ്ചായത്ത് ഭരണസമിതി വച്ച് പുലർത്തുന്നത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം, വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കിരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പെടെ ആകെ 101 പ്രോജകളായിരുന്നു ഉണ്ടായിരുന്നത്. ഇവയിൽ 42 പദ്ധതികളും നടപ്പാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്ക് മൊത്തം വകയിരുത്തിയിരുന്ന തുകയുടെ (20865940) 45 ശതമാനം (9334225) മാത്രമാണ് തൻവർഷം ചെലവഴിക്കാനായിട്ടുള്ളത്.

ഓഡിറ്റ് വർഷം റോഡ് നിർമ്മാണത്തിനായി 64പുതിയ പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 5 ലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്ന ഒരു പ്രോജക്ടുപോലും ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം പ്രോജക്ടുകളും 2 ലക്ഷത്തിൽ താഴെ അടങ്കലുള്ളതും ശരാശരി 25 മീറ്റർ നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളതുമായിരുന്നു. റോഡ് ടാറിംഗിനായി തൻവർഷം 6 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ശരാശരി 200000/-രൂപ മാത്രം അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തികളിൽ 2 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ടാറിംഗ് പ്രവൃത്തികളിൽ 49500 രൂപ അടങ്കൽ വകയിരുത്തി 60 മീറ്റർ റീടാർ ചെയ്യുന്നതിനുള്ള പ്രോജക്ടും ഉൾപ്പെട്ടിരുന്നു. ടാറിംഗ് പ്രവൃത്തികളുടെ കുറഞ്ഞ അടങ്കൽ തുക കാരണം 3 പ്രവൃത്തികൾ (പ്രോ.നം.60/18,62/18,199/18) കരാർ എടുക്കുന്നതിന് ആരും മുന്നോട്ടു വന്നില്ല.

ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവായി. തൽഫലമായി ചുരുക്കം ചില പ്രോജക്ടുകളുടെ കാര്യത്തിലൊഴികെ ടെണ്ടറുകളുടെ മത്സര സ്വഭാവം ഇല്ലാതാക്കുകയും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ പഞ്ചായത്തിന് ന്യായമായും ലഭിക്കുമായിരുന്ന ലാഭം നഷ്ടപ്പെടുത്തുകയും ചെയ്തു.

പദ്ധതി തയ്യാറാക്കുമ്പോൾ, പദ്ധതി പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവണ്മെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. ഇത് അർത്ഥമാക്കുന്നത് പദ്ധതി നിക്ഷേപത്തെക്കുറിച്ച് തീരുമാനിക്കുമ്പോൾ, ഒരു നിശ്ചിത കാലയളവിനകം സംസ്ഥാന സമ്പദ് വ്യവസ്ഥയിലേയ്ക്ക് തിരിച്ചുവരവ് ഉണ്ടാകുമെന്നും അതിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിനും ആസ്തികൾ പരിപാലിക്കുന്നതിനും ഭാവിയിൽ വർദ്ധിച്ച രീതിയിൽ പുനർനിക്ഷേപം നടത്തുന്നതിനു കഴിയുമെന്ന് ഉറപ്പുവരുത്തുന്നതിൽ, വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നുമാണ്. വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്. വിഭവങ്ങൾ നേരിയ തോതിൽ വിന്യസിക്കുന്ന പ്രവണത കർശനമായി ഒഴിവാക്കി കൂടുതൽ പ്രദേശങ്ങൾക്കും, കൂടുതൽ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ ഗണ്യമായ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുമുള്ള ആർജ്ജവം പഞ്ചായത്ത് ഭരണസമിതി കാട്ടേണ്ടതാണ്.

## 3-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 28.79 ലക്ഷം രൂപ

കേന്ദ്ര ധനമന്ത്രാലയത്തിന്റെ മാർഗരേഖ പ്രകാരം ധനകാര്യ കമ്മീഷിൻ ഗ്രാന്റിന്റെ ഉപയോഗം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ലെന്ന് 18.09.2017-ലെ ഡി.എ.1/672/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 22 പ്രോജക്ടുകൾ ആവിഷ്കരിച്ച് 2879511 രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ലെ മാർഗ്ഗരേഖ പ്രകാരം നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളുടെയും, നഗരഭരണ സ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണം, ശുചിത്വം, ഖരമാലിന്യ പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, റോഡുകളുടെ പരിപാലനം, റോഡിനിരുവശവമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്, ശ്മശാനങ്ങൾ സ്ഥാപിക്കൽ മുതലായ അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ഒരോ വർഷവും ഏതെങ്കിലും ഒരു അടിസ്ഥാന സേവനത്തിനുമാത്രം മുൻഗണന നൽകണമെന്നാണ് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നത്.

എന്നാൽ അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഫണ്ടിന്റെ സിംഹഭാഗവും (54.22%) പുതിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വകമാറ്റുകയാണ് ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ നയത്തിന് വിരുദ്ധമായി ഫണ്ട് വിനിയോഗിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-7 കോൺഫറൻസ് ഹാളിലേക്ക് ടേബിളും, ചെയറും വാങ്ങിയത് ഗുണനിലവാരമില്ലാത്തത്

പ്രോജക്ട് നമ്പർ : 92/18

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്ത് കമ്മിറ്റിഹാൾ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയ്ക്ക് 390206 രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കോൺഫറൻസ് ഹാളിലേക്ക് മീറ്റിംഗ് ടേബിളും, ചെയറും സപ്ലൈ ചെയ്യുന്നതിന് 300000 രൂപയും, പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ അറ്റകുറ്റപ്പണിക്ക് 40000 രൂപയും, ഓഫീസിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 50206 രൂപയുമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. കോൺഫറൻസ് ടേബിളും, കസേരകളും നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 14.03.17-ലെ I(2) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും, ടി സ്ഥാപനം എഗ്രിമെന്റ് വച്ച് സാധനം സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന് ചുവടെ ചേർക്കും പ്രകാരം 298296 രൂപ നൽകിയിട്ടുണ്ട്.

| ബിൽ നം. | തുക | ട്രഷറി ബിൽ നം./<br>ചെക്ക് നം., തീ. |
|---|---|---|
| 422/19.09.17 | 228296 | 11/17-18, 27.09.2017 |
| | 70000 | 7677484, 18.06.18 |
| ആകെ | 298296 | |

ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 25.03.17-ൽ കരാറിൽ ഏർപ്പെട്ട ഈ പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കി 19.09.17-ൽ 3ലക്ഷം രൂപയുടെ ബിൽ സമർപ്പിച്ചു. മേൽ കാണിച്ചിരിക്കുന്ന പ്രകാരം ബിൽ തുകയിൽ 228296 രൂപ 27.09.2017-ലും അവശേഷിച്ച 71704 രൂപയിൽ 70000 രൂപ 8 മാസത്തിനുശേഷം 18.06.18-ലുമാണ് നൽകിയിരിക്കുന്നത്. കരാറുകാരന് ഇപ്പോഴും 1704 രൂപ നൽകാൻ അവശേഷിക്കുന്നു. കരാർ തുക സമയബന്ധിതമായും, പൂർണ്ണമായും നൽകാതിരുന്നതിൽ അവ്യക്തത നിലനിൽക്കുന്നു.

2. ടെണ്ടർ പരസ്യത്തിൽ പറഞ്ഞിരുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് വർക്ക് പൂർത്തിയാക്കിയിട്ടുണ്ടെന്ന എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രവും, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും (രണ്ടിലും തീയതി രേഖപ്പെടുത്തിയിട്ടില്ല) ആധാരമാക്കിയാണ് ചെലവ് തുക നൽകിയിട്ടുള്ളത്. തേക്ക് തടിയിൽ നിർമ്മിച്ചതായി പറയുന്ന ടേബിളിന്റെയും, കസേരകളുടെയും ഗുണനിലവാരം ക്ഷമതയുള്ള അധികാരികളിൽനിന്നും സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടില്ല. തടി ഉരുപ്പടികൾ വാങ്ങുന്ന സംഗതിയിൽ വനംവകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തടിയുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

3. പ്രവൃത്തിക്ക് ചെലവഴിച്ച തുകയ്ക്ക് അനുസൃതമായി ഗുണനിലവാരം പുലർത്തിയല്ല ടേബിളിന്റെയും, കസേരകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. കസേരകളുടെ കൈപ്പിടികൾ വികലമായി ഉറപ്പിച്ചത് പിന്നീട് ഇളക്കി സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇളക്കി സ്ഥാപിച്ച കൈപ്പിടികൾ കസേരയിൽ ശരിയായ രീതിയിൽ ഉറപ്പിച്ചിട്ടില്ല. ഈടാക്കിയിട്ടുള്ള വിലയ്ക്ക് അനുസൃതമായി കസേരകൾക്ക് ഉറപ്പോ, ഗുണനിലവാരമോ ഇല്ലെന്ന് പ്രഥമ ദൃഷ്ടിയിൽ വ്യക്തമാണ്. ഒരു സാധാരണ പൗരൻ സ്വന്തം ആവശ്യത്തിന് ധനം ചെലവഴിക്കുമ്പോൾ പുലർത്തുന്ന ശ്രദ്ധയും, വിവേചനവും ഒരു പൊതു സേവകൻ പൊതുപണം ചെലവഴിക്കുമ്പോൾ പുലർത്തണമെന്നത് ധനവിനിയോഗത്തിന്റെ പ്രാഥമിക തത്വമാണ് [കെ.എഫ്.സി. റൂൾ 40(ബി)(1)]. ഈ പദ്ധതിയുടെ കാര്യത്തിൽ പ്രസ്തുത തത്വം പൂർണ്ണമായും പാലിച്ചിട്ടില്ലായെന്നത് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.21 തീയതി:17.09.18) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച അപാകതകളിന്മേൽ ഭരണതലത്തിൽ (ഡി.ഡി.പി) പരിശോധന നടത്തി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-8 ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 187/18

നിർവ്വഹണം - സെക്രട്ടറി

ചെലവ് - ₹130000/- (ട്രഷറി ബിൽ നം.14/17-18, തീ.22.01.18)

ലോകബാങ്ക് ധനസഹായ തുകയിൽ നിന്നും 131242 രൂപ വകയിരുത്തി ടച്ച് സ്ക്രീൻ കിയോസ്ക്, ഹൈസ്പീഡ് സ്കാനർ എന്നിവ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത M/s.ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽനിന്നും 130000 രൂപ ചെലവഴിച്ച് ചുവടെ ചേർക്കുന്ന സാധനങ്ങൾ വാങ്ങി.

| ബിൽ നം., തീ. | ഇനം | എണ്ണം | തുക |
|---|---|---|---|
| GST0225 28.12.17 | Touch Screen Kiosk i3 Dell Brand Eworld | 1 | 95000 |
| GST0535 21.02.18 | Scanner Brother ADS 2400N | 1 | 35000 |
| | ആകെ | | 130000 |

മേൽ പറഞ്ഞ പ്രകാരം 28.12.17-ൽ വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് ബാക്ക് ഓഫീസുമായി ബന്ധിപ്പിച്ച് ഇൻഫർമേഷൻ കേരള മിഷൻ വികസനിപ്പിച്ച സെഫ്റ്റ് വെയർ വിന്യസിച്ച് ഓഡിറ്റ് തീയതിയിലും പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതായി കണ്ടില്ല. പൊതുപണം ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കാതിരിക്കുന്നത് അവ ആർജ്ജിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്.



ടച്ച് സ്ക്രീൻ കിയോസ്ക്

പഞ്ചായത്തുകളിൽ ഇൻഫോർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ പ്രോപ്പോസൽ അംഗീകരിച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽനിന്നും കിയോസ്കുകൾ വാങ്ങുന്നതിനാണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നത് [സ.ഉ.(കൈ.)നം.241/2015/തസ്വഭവ, തീ. 22.07.2015]. ഇൻഫോർമേഷൻ കിയോസ്കുകൾക്ക് 3 വർഷ വാറന്റി ഉറപ്പവരുത്തേണ്ടതും, നാലാം വർഷം മുതൽ കിയോസ്കുകളുടെ പരിപാലനത്തിന് AMC കരാർ നൽകേണ്ടതുമാണ്. AMC കരാറിൽ ഏർപ്പെടാത്ത പക്ഷം ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്കായിരിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. കിയോസ്കിന്റെ ഉപയോഗം സംബന്ധിച്ച് ആവശ്യമായ പരിശീലനം കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്.

മേൽ പറഞ്ഞത് ഉൾപ്പെടെയുള്ള ടി ഉത്തരവിലെ നിബന്ധനകൾ ഒന്നുംതന്നെ പാലിക്കാതെ ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തുകയും, കിയോസ്ക് പ്രവർത്തനക്ഷമമാക്കുന്നതിനും, തുടർ സംരക്ഷണം ഉറപ്പവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതിലൂടെ കിയോസ്ക് ഒരു നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കിയോസ്ക് വാങ്ങുന്നതിന് ചെലവഴിച്ച് തുക തടസ്സപ്പെടുത്തുന്നു. കിയോസ്ക് പ്രവർത്തനക്ഷമമാക്കി, ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുടർ നടത്തിപ്പും സംരക്ഷണവും ഉറപ്പവരുത്തി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 3-9 തെരുവ് വിളക്കുകളുടെ മീറ്ററിംഗ്- തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പ്രവൃത്തി നടപ്പിലായില്ല

2016-17 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി 657800 രൂപ മൂന്ന് ഇലക്ട്രിക്കൽ സെക്ഷനുകളിലായി ഡെപ്പോസിറ്റ് ചെയ്തു. 254400 രൂപ അടൂർ സെക്ഷനിലും 228994 രൂപ കുളനട സെക്ഷനിലും 184406 രൂപ ആറന്മുള സെക്ഷനിലുമാണ് അടവാക്കിയത്. എന്നാൽ ടി സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കാതെയാണ് തുക അടവാക്കിയിരിക്കുന്നത്. ഓഡിറ്റ് സമയത്തും മീറ്ററിംഗിനായുള്ള യാതൊരു പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി ആരംഭിച്ചിട്ടില്ല. ആയതിനാൽ കെ.എസ്.ഇ.ബി അധികൃതരുമായി കരാർ ചമയ്ക്കുന്നതിനും മീറ്ററിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം 859487 രൂപ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ ഗ്രാമപ്പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. തനത് വരുമാനം വളരെ കുറവായ സാഹചര്യത്തിൽ ടി തുക വലിയ ബാധ്യത തന്നെയാണ് . ആയതിനാൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിൽ ഭരണസമിതി സത്വരനടപടികൾ സ്വീകരിച്ച് പുരോഗതിയെ സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല – 31.42ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് ക്രമീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് മുൻവർഷങ്ങളിൽ (2008-09 മുതൽ 2017-18 വരെ) വാട്ടർ അതോറിറ്റി മുഖാന്തിരം ഏറ്റെടുത്ത. 3141677രൂപ അടങ്കലുള്ള 24ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. മുൻകൂർ നല്കിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും തുക അടവാക്കിയതല്ലാതെ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തോ, നിർവ്വഹണ ഏജൻസികളോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | വിഭാഗം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1. | 2008-09 | ജനറൽ | 47 | ചന്ദനകുന്ന് ത്രിവേണിപ്പടി ഒടിയുഴം പൈപ്പ് ലൈൻ | 300000 |
| 2. | “ | ജനറൽ | 48 | പ്ലാന്തോട്ടത്തുകാല പൈപ്പ് ലൈൻ നീട്ടൽ | 50000 |
| 3. | “ | ജനറൽ | | പ്ലാന്തോട്ടത്തുകാല മുള്ളൻവാതുക്കൽ ടാപ്പ് സ്ഥാപിക്കൽ | 20000 |
| 4. | “ | എസ്.സി.പി | | പൂകൈത കോളനിയിൽ ടാപ്പ് സ്ഥാപിക്കൽ | 20000 |
| 5. | 2009-10 | എസ്.സി.പി | 135 | ചന്ദനകുന്ന് കോളനിയിൽ കുടിവെള്ള ടാപ്പുകൾ | 13607 |
| 6. | 2011-12 | ജനറൽ | 15 | പ്ലാന്തോട്ടത്തുകാല കൊട്ടാരം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 56000 |
| 7. | “ | ജനറൽ | 16 | മുടവനാൽപ്പടി ഒടിയുഴം പൈപ്പ് ലൈൻ | 50000 |
| 8. | 2011-12 | എസ്.സി.പി | 51 | നെടിയകാല – കാവുംപുറം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 460000 |
| 9. | “ | എസ്.സി.പി | 52 | വെട്ടുഴം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 69000 |
| 10. | “ | എസ്.സി.പി | 56 | കാവിൽ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 75000 |

| | | | | | |
|---|---|---|---|---|---|
| 11. | " | എസ്.സി.പി | 57 | കരിങ്ങാലിമോടി കുടിവെള്ള പദ്ധതി - 2-ാം ഘട്ടം | 600000 |
| 12. | " | എസ്.സി.പി | 58 | കല്ലൻമുരുപ്പ് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 25000 |
| 13. | " | എസ്.സി.പി | 59 | ആറാട്ടുമോടി ലക്ഷംവീട് കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ | 49910 |
| 14. | " | എസ്.സി.പി | 60 | പുതുശ്ശേരി തോണ്ടിയാമോടി തവിട്ടപ്പൊയ്ക കോളനി സ്ട്രീറ്റ് മെയിൻ | 49975 |
| 15. | 2012-13 | എസ്.സി.പി | 144 | തവിട്ടുപൊയ്ക കോളനി കുടിവെള്ള പദ്ധതി | 100000 |
| 16. | " | എസ്.സി.പി | 151 | മഞ്ഞത്തറ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 105000 |
| 17. | " | എസ്.സി.പി | 152 | പൂക്കൈത കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 156000 |
| 18. | " | ജനറൽ | 160 | ആയുർവേദ ഡിസ്പൻസറിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 15000 |
| 19. | " | ജനറൽ | 171 | വട്ടപ്പറമ്പ് ഭാഗത്ത് കുട്ടവെട്ടിക്കൽ തവിട്ടുപൊയ്ക റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 17057 |
| 20. | 2013-14 | എസ്.സി.പി | 166 | തോണ്ടിയാമോടി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 30000 |
| 21. | 2016-17 | ജനറൽ | 13 | കുറിയാനിപ്പള്ളി കുട്ടവെട്ടിക്കൽ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 400000 |
| 22. | " | ജനറൽ | 14 | ചന്ദനകുന്ന് പുതുപ്പറമ്പിൽ റോഡ് പൈപ്പ് | 73000 |

| | | | | | |
|---|---|---|---|---|---|
| | | | | ലൈൻ ദീർഘിപ്പിക്കൽ | |
| 23. | " | ജനറൽ | 15 | കയ്യംതടം തേവർകുളം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 384000 |
| 24. | " | എസ്.സി.പി | 151 | കുറിയാനിപ്പള്ളി മുളന്തടം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 23128 |
| | | ആകെ | | | 3141677 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് മുൻകൂർ തുകകൾ ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-11 വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന 4.33 ലക്ഷം രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല

വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം 432780 രൂപ വാട്ടർ അതോറിറ്റിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| 1 | മെഴുവേലി എച്ച്.എസ്. - കുറിയാനിപ്പള്ളി കരിങ്ങാലി മോടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2009-10) | 600000 | 588862 | 11138 |
| 2 | പൊട്ടൻമല – പറമ്പിൽ റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2009-10) | 125000 | 124985 | 15 |
| 3 | കല്ലൻമോടി മീൻചിറയ്ക്കൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2009-10) | 150000 | 131631 | 18369 |
| 4 | ഓടിയുഴം നാരങ്ങാട്ടുമുരുപ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2009-10) | 175000 | 170317 | 4683 |
| 5 | നെടിയകാല ചൂരപ്പെട്ടി കുനാഞ്ഞിലിമൂട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2009-10) | 150000 | 125756 | 24244 |
| 6 | ചന്ദനകുന്ന് അയത്തിൽ കാവിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (2009-10) | 200000 | 185297 | 14703 |
| 7 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 149/14, 150/14, 151/14,152/14, 154/14. 155/14, 156/14, 157/14, 168/14) | 1032000 | 909652 | 122348 |

| | | | | |
|---|---|---|---|---|
| 8 | കുറവൻ പ്ലാക്കൽ സെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (GWA - 2013-14) | 50000 | 29678 | 20322 |
| 9 | കുറിയാനിപ്പള്ളി മുളന്തടം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (2015-16) | 785000 | 722273 | 62727 |
| 10 | പട്ടികജാതി കോളനികളിലേക്ക് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (2016-17) | 1073000 | 907616 | 165384 |
| | ആകെ | | | **432780** |

പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം ചെലവാകാതെ അവശേഷിക്കുന്ന തുക വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - ഫീസിബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നമ്പർ : 120/18

നിർവ്വഹണം : സെക്രട്ടറി

ചെലവ് : 1249924/-

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി മൂന്ന് പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് പട്ടികജാതി വികസന ഓഫീസറിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ എസ്.സി.പി. ഫണ്ടിൽനിന്നും വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 9 പട്ടിക ജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് ആകെ 1249924 രൂപയാണ് കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ പട്ടികജാതി വികസന ഓഫീസറിൽനിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | ഡെപ്പോസിറ്റ് തീയതി |
|---|---|---|---|
| 1 | കണ്ണംകുളഞ്ഞി ആമ്പാടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് - 10 | 140000 | 10.08.17 (395000) |
| 2 | തുണ്ടിതെക്കേതിൽപ്പടി - നാമക്കുഴി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാർഡ് 8 | 255000 | 10.08.17 (662394) |
| | ആകെ | 395000 | |

പട്ടിക ജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സ.ഉ.(എം.എസ്)നം.72/2017/തസ്വഭവ തീയതി:29.03.17, ഖ.13-1(6) പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പട്ടികജാതി വികസന ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പ്രവൃത്തികൾക്ക് ഫീസിബിലിറ്റി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സവാദം തീർപ്പാക്കേണ്ടതാണ്.

## 3-13 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

ഓഡിറ്റ് വർഷം പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന രണ്ട് പ്രവൃത്തികൾക്ക് ക്ഷമതയുള്ള

അധികാരികളിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | ട്രഷറി ബിൽ നം. തീ. |
|---|---|---|---|---|---|
| 1 | 32/18 | കാട്ടിൽപ്പടി പുതിയ വീട്ടിൽപ്പടി നടപ്പാത കോൺക്രീറ്റിംഗ് | 125000 | 114560 | 58/17-18 23.03.18 |
| 2 | 53/18 | പാറപ്പാട്ട് ഹരിജൻ കോളനി നടപ്പാത കോൺക്രീറ്റിംഗ് | 123000 | 122962 | 42/17-18 17.02.18 |
| | | ആകെ | | 237522 | |

പ്രത്യേക ഘകടക പദ്ധതി/പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗ രേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനയ്ക്ക് വിധേയമായാണ് പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക ഘടക പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളതെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സവാദം തീർപ്പാക്കേണ്ടതാണ്.

## 3-14 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ; പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയിട്ടില്ല - ഫണ്ട് വിനിയോഗത്തിൽ വീഴ്ച

പ്രോജക്ട് നം. - 118/18

നിർവ്വഹണം - സെക്രട്ടറി

ഓഡിറ്റ് വർഷം സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 3 ലക്ഷവും, ജില്ലാ പഞ്ചായത്ത് വിഹിതം 10 ലക്ഷവും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5 ലക്ഷവും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. 17.07.17-ൽ അംഗീകാരം വാങ്ങിയ ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ജില്ല/ബ്ലോക്ക് വിഹിതം ലഭ്യമായിട്ടില്ല. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഈ പദ്ധതിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കെ.എസ്.ഇ.ബി-യിൽനിന്നും പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റുകൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആകെ 299988 രൂപ അടങ്കലുള്ള 4 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ മാത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത തുകയ്ക്കുള്ള റിക്വിസിഷൻ 29.03.18-ൽ നൽകിയിട്ടുണ്ടെങ്കിലും തുക ട്രഷറിയിൽനിന്നും മാറി കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിന് വീഴ്ചവരുത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.25 തീ:18.09.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ സേവന നികുതി (Service Tax) ഒടുക്കിയില്ല; അക്കൗണ്ടിംഗിലും പിഴവ്

എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കായിട്ടുള്ള സേവന നികുതി ചെലാൻ മുഖാന്തിരം ട്രഷറിയിൽ പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. സേവന നികുതി ഇനത്തിൽ വരവ് വന്നിട്ടുള്ള തുകകൾ സെൻട്രൽ എക്സൈസ് വകുപ്പിൽ ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ഫൈനൽ ബിൽ തുക | ഈടാക്കിയ സേവന നികുതി |
|---|---|---|---|---|
| 1 | 161/18 | പി.എച്ച്.സി. കെട്ടിടം മെയിന്റനൻസ് | 217547 | 22842 |
| 2 | 157/18 | 64-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി | 126415 | 13274 |

| | | | | |
|---|---|---|---|---|
| 3 | 171/18 | പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാൾ, റെക്കോർഡ് റൂം എന്നിവയുടെ നിർമ്മാണം | 972893 | 102153 |
| 4 | 158/18 | 80-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി | 103882 | 10908 |
| 5 | 162/18 | ചന്ദനകുന്ന് SMSUPS-ന് ചുറ്റുമതിൽ നിർമ്മാണം | 221643 | 23273 |
| 6 | 164/18 | 73-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി | 301543 | 31662 |
| 7 | 163/18 | ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 69921 | 6992 |
| 8 | 155/18 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ അധിക സൗകര്യം ഒരുക്കുക | 260961 | 26807 |
| | | ആകെ | | 237911 |

പഞ്ചായത്തിന്റെ വാർഷിക കണക്കുപ്രകാരം 2017-18 വർഷാന്ത്യത്തിൽ സേവന നികുതി ഇനത്തിൽ 2150 മാത്രമാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. തൻവർഷത്തെ ബാലൻസ് ഷീറ്റിൽ ഈ ഇനത്തിൽ ഒടുക്കുവരുത്തുവാൻ ആവശേഷിക്കുന്ന തുക ബാദ്ധ്യതയായി കാണിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. അക്കൗണ്ടിംഗിലുണ്ടായിട്ടുള്ള പ്രസ്തുത പിഴവ് പരിഹരിച്ച് സേവന നികുതി ഇനത്തിൽ ഫണ്ടിൽ അവശേഷിക്കുന്ന തുക ഒടുക്കുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 തുടർ സാക്ഷരത – തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പത്തിശ്ശേരി തുടർ വിദ്യാകേന്ദ്രത്തിലെ പ്രേരകിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ഓണറേറിയം ഇനത്തിൽ നൽകിയ തുകയിൽ 30478 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. തനത് ഫണ്ടിൽനിന്നും നൽകുന്ന ഓണറേറിയത്തിന്റെ വിവരം മുൻകൂർ രജിസ്റ്ററിൽ ചേർക്കുകയോ ജില്ലാ മിഷനിൽനിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ചെലവ് ക്രമീകരിക്കുകയോ ചെയ്യുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 വർഷാരംഭത്തിൽ ജില്ലാ മിഷനിൽനിന്നും റീംബേഴ്സ് ചെയ്ത് ലഭിക്കാനുണ്ടായിരുന്ന തുക | 30478 |
| തനത് ഫണ്ടിൽനിന്നും തൻവർഷം ഓണറേറിയം നൽകുന്നതിന് ചെലവഴിച്ച തുക | 12000 |
| ജില്ലാമിഷനിൽനിന്നും തൻവർഷം ലഭിച്ച തുക | 11770 |
| വർഷാന്ത്യത്തിൽ ലഭിക്കാൻ അവശേഷിക്കുന്ന തുക | 30708 |
| ഓഡിറ്റ് തീയതിയിൽ സാക്ഷരതാ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക | 69861 |

ലഭിക്കാൻ അവശേഷിക്കുന്ന 30708 രൂപ ജില്ലാമിഷനിൽനിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് കിട്ടാനുള്ള തുകയായതിനാൽ ബാലൻസ് ഷീറ്റിൽ Schedule **B18-**ൽ ഈ തുക ആസ്തിയായി കാണിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.ഇതിന് വേണ്ട നടപടികൾ അക്കൌണ്ടന്റ് സ്വീകരിക്കേണ്ടതാണ്.

## 3-17 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മാണ പ്രവൃത്തിയുടെ പ്രോജക്ട് ആവിഷ്കരിച്ചു; പദ്ധതി നടപ്പായില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 66-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് നം. 186/18 പ്രകാരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 7 ലക്ഷം രൂപ MNREGS ഫണ്ടും, 4 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടും വകയിരുത്തി ആവിഷ്കരിച്ച ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടത് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറാണ്. ഇതിന് വിരുദ്ധമായി 11 ലക്ഷം രൂപ അടങ്കലുള്ള നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നിശ്ചയിച്ചത് ക്രമപ്രകാരമല്ല. കൂടാതെ 9.11.17-ൽ അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുകയോ, പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മരാമത്ത് മേഖലയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായി അസി.എഞ്ചിനീയർ നിലവിലുള്ളപ്പോൾ കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ നിശ്ചയിച്ചതിനും, പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതും ഗൗരവതരമായി വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് യാഥാർത്ഥ്യമായില്ല

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജനവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017 /തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന രൂപീകിച്ചിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേനയുടെ തുടർ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഹരിത കർമ്മ സേനയുടെ പ്രാരംഭ പ്രവർത്തന ചെലവുകൾ, ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ (പ്രോജക്ട് നം.184/18) എന്ന പേരിൽ അസി.സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 501275 രൂപ വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും പദ്ധതി പ്രാവർത്തികമായിട്ടില്ല. ഹരിത കർമ്മ സേന പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽനിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചെങ്കിലും ഇവ സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽസ് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും, ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുകയും ചെയ്യാതിരുന്നതിനാൽ വാർഡുകളിൽ കൂട്ടിയിട്ടിരിക്കുകയാണ്. മെറ്റീരിയൽസ് കളക്ഷൻ സെന്ററുകളും, ഷ്രഡിംഗ് യൂണിറ്റും എപ്പോൾ സ്ഥാപിക്കാനാവുമെന്ന കാര്യത്തിൽ യാതൊരു നിശ്ചയവുമില്ലാത്ത സാഹചര്യമാണ്. ഓഡിറ്റ് വർഷം ഷ്രഡ്ഡിംഗ് യൂണിറ്റിനാവശ്യമായ മെഷനറി വാങ്ങുന്നതിന് 1089250 രൂപയുടെ പ്രോജക്ടും (പ്രോജക്ട് നം. 172/18), കെട്ടിടവും, അനുബന്ധ സൗകര്യവും നിർമ്മിക്കുന്നതിന് 1600000 രൂപയുടെ പ്രോജക്ടും (പ്രോജക്ട് നം.173/18) ആവിഷ്കരിച്ചിട്ടുണ്ട്. മെഷനറി വാങ്ങുന്നതിന് ക്ലീൻ കേരള കമ്പിനിയുമായി കരാറിലേർപ്പെട്ടെങ്കിലും മെഷനറി സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കാത്തതിനാൽ പർച്ചേസ് ഓർഡർ നൽകിയിട്ടില്ല. കെട്ടിട നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും, 31.03.18-ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടം നിർമ്മാണം ഇതുവരെ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിൽനിന്നും 10 ലക്ഷവും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10.23 ലക്ഷവും, ജില്ലാപഞ്ചായത്തിൽനിന്നും 5 ലക്ഷവും ഉൾപ്പടെ ആകെ 25.23 ലക്ഷം രൂപ ലഭിച്ചത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നു.

ഇലവുംതിട്ട മാർക്കറ്റിന് സമീപത്തായാണ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിൽ സ്ഥലം കണ്ടെത്തിയിരിക്കുന്നത്. സ്ഥലത്തിന് അനുയോജ്യതാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽനിന്നും (ഡി.ഡി.പി., ശുചിത്വമിഷൻ, മലിനീകരണ നിയന്ത്ര ബോർഡ്) ലഭ്യമാക്കിയിട്ടില്ല. കൂടാതെ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മെറ്റീരിയൽസ് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ഷ്രഡിംഗ് യൂണിറ്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കി മെഷനറികൾ സ്ഥാപിച്ച് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ പദ്ധതി നിർവ്വഹണത്തിനായി വിവിധ ഏജൻസികളിൽനിന്നും ലഭിച്ച 25.23 ലക്ഷം രൂപയുടെ വിനിയോഗിക്കാനാവാതെ തിരികെ നൽകേണ്ടിവരുകയും, പരിസ്ഥിതിക്ക് ഭീഷണിയായി മാറിയിട്ടുള്ള പ്ലാസ്റ്റിംഗ് മാലിന്യങ്ങൾ സംസ്കാരിക്കുന്നതിന് സംവിധാനമില്ലാതെ ഹരിതകേരളമിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം പഞ്ചായത്തിൽ പരാജയപ്പെടുന്നതിനും ഇടയാകുമെന്ന് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ അനിവാര്യമായ സംഗതിയായി ഓഡിറ്റ് വിലയിരുത്തുന്നു.തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

## 3-19 പൊതു ടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു; പ്രതിവർഷ ബാദ്ധ്യത 9.86 ലക്ഷം

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. നിലവിൽ 183 ടാപ്പുകൾക്കാണ് പഞ്ചായത്ത് കരം ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം വെള്ളക്കരം ഇനത്തിൽ 985694 രൂപയാണ് വാട്ടർ അതോറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ളത്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻ തുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നത് അഭലഷണീയമായ നടപടിയല്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്കഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതിയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്യതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് ഗുണകരമായിരിക്കും.

## 3-20 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നില്ല; കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത

ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച് രണ്ട് ദശാബ്ദങ്ങൾ പിന്നിട്ടിട്ടും വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. കൈമാറികിട്ടിയ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെ നില പരിതാപകരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിലവിലെ അവസ്ഥ |
|---|---|
| പി.എച്ച്.സി. | ഫാർമസി ശീതികരിച്ചിട്ടില്ല. ചുറ്റമതിൽ ഇല്ല. ലാബ് സൗകര്യം ഇല്ല. രോഗികൾക്ക് ഇരിപ്പിട സൗകര്യം പര്യാപ്തമല്ല. 4 സബ്സെന്ററുകൾ ഉള്ളതിൽ ഇലവുംതിട്ട സബ്സെന്റർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ വാട്ടർ കണക്ഷൻ ഇല്ല. |
| ആയുർവേദാശുപത്രി | സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമാണ്. രോഗികൾക്ക് കാത്തിരിപ്പിനുള്ള സൗകര്യങ്ങളില്ല. ടോയ് ലറ്റ് ഇല്ല. ഫാർമസിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് സൗകര്യമില്ല. മഴക്കാലത്ത് ഈർപ്പം നിറയുന്ന മുറിയിലാണ് മരുന്നുകൾ സൂക്ഷിക്കുന്നത്. ഫർണിച്ചർ ആവശ്യത്തിനില്ല. 10 സെന്റ് സ്ഥലം ലഭ്യമാണെങ്കിലും കെട്ടി സൗകര്യം വിപുലപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. ആയുർവേദാശുപത്രിയിൽ നാളിതുവരെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ആയതിനാൽ ആശുപത്രി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരുംതന്നെ ശ്രദ്ധിക്കുന്നില്ല. |
| ഹോമിയോ ആശുപത്രി | ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നത് രോഗികൾക്ക് എത്തിപ്പെടാൻ പ്രയാസമുള്ള സ്ഥലത്താണ്. റോഡ് സൗകര്യമില്ലാത്തതിനാൽ രോഗികൾക്ക് വാഹനത്തിൽ എത്താൻ കഴിയുന്നില്ല. |
| അങ്കണവാടികൾ | ആകെ ഉള്ള 22 അങ്കണവാടികളിൽ 17 അങ്കാണവാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ടോയ് ലറ്റ് സൗകര്യം ഉള്ളത് 16 എണ്ണത്തിനും, ചുറ്റമതിൽ 9 എണ്ണത്തിനും, വൈദ്യുതി 16 എണ്ണത്തിനും, കുടിവെള്ള 14 എണ്ണത്തിനും മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഒരു അങ്കണവാടിയ്ക്ക് സ്ഥലം ലഭ്യമാണെങ്കിലും കെട്ടിടം പണിതിട്ടില്ല. കുട്ടികൾക്കാവശ്യമായ കളി ഉപകരണങ്ങൾ ലഭ്യമല്ല. |
| കൃഷി ഭവൻ | കൃഷി ഭവൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിവർഷം 41268 രൂപ വാടക ഇനത്തിൽ ചെലവഴിക്കുന്നു. കൃഷി ഭവൻ നിർമ്മിക്കുന്നതിന് 4-ാം വാർഡിൽ 10 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. എന്നാൽ സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിയില്ല. |

| | |
|---|---|
| വെറ്ററനറി ഡിസ്പൻസറി | വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട സൗകര്യം പരിമിതമാണ്. ഫോൺ, ഇന്റർനെറ്റ് കണക്ഷനുകൾ ഇല്ല. മേൽക്കൂരയ്ക്ക ചോർച്ചയുണ്ട്. ആവശ്യമായ ഫർണിച്ചറുകളോ, ഫർണിച്ചർ ഇടുന്നതിനുള്ള സ്ഥല സൗകര്യമോ ഇല്ല. കെട്ടിടം നിർമ്മിക്കുന്നതിന് 13-ാം വാർഡിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമായാൽ കെട്ടിടം നിർമ്മിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ഫണ്ട് ലഭ്യമാണ്. |

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 13.6]. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാണ് മെയിന്റനൻസ് പ്ലാൻ തയ്യാറേക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിരുന്നില്ല.

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നില്ല

ഗ്രാമപഞ്ചായത്തിൽ 22 അങ്കണവാടികൾ ഉണ്ട്. അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറോട് ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ട പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കണം. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷത്തെയും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മേയ് 30-നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഫിറ്റ്നസ് കാലാകലങ്ങളിൽ പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, നിർവ്വണ ഉദ്യോഗസ്ഥയും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് നം. - 16/18

2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി 130100 രൂപ മരുന്നുകളും, ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് കാരുണ്യ ഫാർമസി സർവ്വീസസിന് മുൻകൂറായി നൽകിയിരുന്നു. എന്നാൽ നാളിതുവരെ 69730 രൂപയുടെ മരുന്നുകളും, ഉപകരണങ്ങളും മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

| ഇൻവോയ്സ് നം. | തീയതി | ലഭ്യമായ |
|---|---|---|

| | | മരുന്നിന്റെ വില |
|---|---|---|
| 4506 | 09.07.18 | 53803 |
| 5609 | 28.07.18 | 15927 |
| ആകെ | | 69730 |

60370 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകളും, ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ; മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ - 111/18

ചെലവ് - ₹400000

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ 4 ലക്ഷം രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മരുന്നിനായി 11.10.17-ൽ 4 ലക്ഷം രൂപ ഔഷധിയ്ക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയെങ്കിലും നാളിതുവരെ 360364 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 90046049 | 26.12.17 | 124253 |
| 90056088 | 28.02.18 | 35713 |
| 90056003 | 28.02.18 | 19171 |
| 90060515 | 29.03.18 | 28291 |
| 90060060 | 26.03.18 | 70228 |
| 90064233 | 23.05.18 | 25579 |
| 90068532 | 18.06.18 | 57129 |
| ആകെ | | **360364** |

അവശേഷിച്ച 39636 രൂപയുടെ മരുന്നുകൾ നാളിതുവരെയായിട്ടും ഔഷധി ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 ആശ്രയ – രണ്ടാം ഘട്ട പദ്ധതി സ്തംഭനാവസ്ഥയിൽ

മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെയ്ക്കുള്ള രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് 31.03.17-ലെ സ.ഉ.(സാധാ.)നം.1016/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിരുന്നു. ആംഗീകരിച്ച കർമ്മ പദ്ധതിയുടെ അടങ്കൽ 68.33 ലക്ഷം രൂപയായിരുന്നു. 66 ഗുണഭോക്താക്കളെയാണ് രണ്ടാം ഘട്ട പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിരുന്നത്. കർമ്മ പദ്ധതി പ്രകാരം 2017-18 വർഷം ചുവടെ ചേർക്കും പ്രകാരം ധനവിനിയോഗം നടത്തുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്.

| ക്രമ നം. | ചെലവ് ഇനം | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് ചെലവ് | തവണ | കുടുംബശ്രീ ചലഞ്ച് ഫണ്ട് | ഗ്രാമപഞ്ചായത്ത് വിഹിതം | ഐ.എ.വൈ. | ആകെ |
|---|---|---|---|---|---|---|---|---|
| 1. | ഭക്ഷണം | 66 | - | 12 | 164168 | - | - | 164168 |
| 2. | ചികിത്സ | 30 | - | 12 | 172933 | - | - | 172933 |
| 3. | വസ്തു വാങ്ങൽ | 2 | 175000 | 12 | - | 350000 | - | 350000 |
| 4. | ഭവന നിർമ്മാണം | 6 | 200000 | 12 | - | - | 1200000 | 1200000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. | ഭവന പുനരുദ്ധാരണം | 4 | 50000 | 12 | - | 200000 | - | 200000 |
| 6. | കിണർ | 5 | 15000 | 12 | - | 75000 | - | 75000 |
| 7. | കക്കൂസ് | 2 | 10000 | 12 | - | 20000 | - | 20000 |
| 8. | തൊഴിൽ | 1 | - | 12 | - | 40000 | - | 40000 |
| 9. | വിദ്യാഭ്യാസ സഹായം | 1 | 1500 | 12 | 1500 | - | - | 1500 |
| 10. | പ്രോജക്ട് തയ്യാറാക്കൽ | - | - | | 15000 | - | - | 15000 |
| 11. | പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും | - | - | | 5000 | - | - | 5000 |
| 12. | റിസർവ്വ് ഫണ്ട് | - | - | | 10383 | - | - | 10383 |
| | ആകെ | | | | 368984 | 685000 | 1200000 | 2253984 |

വസ്തു വാങ്ങൽ, ഭവന പുനരുദ്ധാരണം, കിണർ, കക്കൂസ് നിർമ്മാണം തൊഴിൽ നൽകൽ എന്നിവയ്ക്കായി വികസന ഫണ്ടിൽനിന്നും 685000 രൂപ ചെലവഴിക്കേണ്ടതായിരുന്നുവെങ്കിലും 150000 രൂപ മാത്രമാണ് 2017-18 വർഷം അനുവദിച്ചിട്ടുള്ളൂ (പ്രോ.നം.170/18).

ഓഡിറ്റ് തീയതിയിൽ ആശ്രയ പദ്ധതി അതിന്റെ പകുതി കാലയളവ് പിന്നിട്ടിട്ടും പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന യാതൊരു സഹായവും വിതരണം ചെയ്തിട്ടില്ല. പദ്ധതിയുടെ ഭാഗമായി പ്രാഥമീകമായി ചെയ്യേണ്ടിയിരുന്ന ഭക്ഷ്യധാന്യ വിതരണം പോലും നടത്തിയിട്ടില്ല. പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ഭക്ഷണം നൽകുന്നതിന് തുക വകയിരുത്തിയിരുന്നെങ്കിലും സംസ്ഥാനം അഭിമുഖീകരിച്ച പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽപോലും ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന് സി.ഡി.എസും., പഞ്ചായത്ത് ഭരണ സമിതിയും നടപടി സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു.

കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ സെക്രട്ടറിയുടെ പേരിൽ ലഭിച്ച 352061 രൂപയുടെ ചെക്ക് (നം. 2431892/14.08.17) യഥാസമയം ആശ്രയ അക്കൗണ്ടിൽ വരവ് ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ചെക്ക് കൈപ്പറ്റുന്നതിന് സി.ഡി.എസ്. ചെയർപേഴ്സണെ ചുമതലപ്പെടുത്തി കത്ത് നൽകിയത് 13.11.2017-ൽ മാത്രമാണ്. തൻമൂലം കാലഹരണപ്പെട്ട ചെക്കിന് പകരമായി ലഭിച്ച ചെക്ക് (നം.2403769/19.03.18) 25.04.18-ൽ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടത്. ടി തുക ആശ്രയ അക്കൗണ്ടിലേക്ക് വകമാറ്റുന്നതിന് 11.06.18-ൽ പഞ്ചായത്തിൽനിന്നും ചെക്ക് നൽകിയെങ്കിലും നാളിതുവരെയായിട്ടും പ്രസ്തുത തുക ആശ്രയ അക്കൗണ്ടിൽ വരവ് ചേർത്തിട്ടില്ല. ലഭ്യമായ ഫണ്ട് യഥാസമയം ആശ്രയ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരുന്നതിനാൽ പലിശ ഇനത്തിൽ ലഭിക്കുമായിരുന്ന തുക ആശ്രയ പദ്ധതിയ്ക്ക് നഷ്ടമായി. ആഗതികളുടെ ക്ഷേമത്തിനായി സർക്കാർ അനുവദിച്ച തുക കൈകാര്യത്തിൽ പോലും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവമാണ് ഉണ്ടായിട്ടുള്ളത്.

ആശ്രയ പദ്ധതിയുടെ നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ച ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണ സമിതി, സി.ഡി.എസ്. അധികൃതർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി വിഭാവനം ചെയ്തിരുന്ന പ്രകാരം നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-25 ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ വസ്തുലഭിച്ചവർ ഇപ്പോഴും ഭവനരഹിതർ

ഒന്നാം ഘട്ട ആശ്രയ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ 8 ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വാങ്ങി നൽകിയിരുന്നു. ഇവരിൽ ശ്രീമതി അമ്പിളി അനിയൻ, ശ്രീമതി ജയശ്രീ എന്നിവർക്ക് ഐ.എ.വൈ. പദ്ധതി പ്രകാരം വീട് ലഭിച്ചിട്ടുള്ളതായും, മറ്റൊരു ഗുണഭോക്താവായ ശ്രീമതി സുലോചനയ്ക്ക് പട്ടികജാതി വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുള്ളതായും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 5 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് നാളിതുവരെ യാതൊരു സഹായവും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. വസ്തു വാങ്ങി നൽകി 10 വർഷം കഴിഞ്ഞിട്ടും ഇവർ ഭവനരഹിതരായി തുടരുന്നത് ഇതിനായി ചെലവഴിച്ച പൊതു പണത്തിന്റെ പാഴ്ചെലവായി മാത്രമേ കാണാൻ കഴിയൂ. ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്നവരുടെ ഭാഗത്തുനിന്നുള്ള തികഞ്ഞ അലംഭാവും, കൃത്യവിലോപവുമാണ്. മാത്രവുമല്ല സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിലും ടിയാളുകളെ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ പ്രഥമ പരിഗണന ലഭിക്കേണ്ട അഗതി കുടുംബങ്ങൾ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് (റേഷൻകാർഡിൽ ഉൾപ്പെട്ട മറ്റ് കുടുംബാംഗത്തിന്റെ പേരിൽ വീട് ഉണ്ട് എന്നത്) ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടത്

നീതികരിക്കാവുന്നതല്ല.

ലൈഫ് പദ്ധതി സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ളതാണ്. ഭവന രഹിതരായ എല്ലാ വിഭാഗത്തിലുംപെട്ട ആൾക്കാർക്ക് ലഭിക്കത്തക്കവിധത്തിലാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടികളും ഉണ്ടായിട്ടില്ല. അവശേഷിച്ച 5 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-26 പാൽ ഉല്പാദനത്തിന് ഇൻസെന്റീവ്; പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്ട് നമ്പർ - 133/18

ചെലവ് - 500000

ഡയറി ഫാം ഇൻസ്പക്ടർ നിർവ്വഹണം നടത്തിയ പാലുല്പാദനത്തിന് ഇൻസെന്റീവ് എന്ന് പ്രോജക്ട് ഓഡിറ്റിന് വിധേയമാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇൻസെന്റീവ് തുക വിതരണം നടത്തിയതിൽ സുതാര്യതയില്ല

ഡയറി ഫാം ഇൻസ്പക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 5 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതിയിൽ ലിറ്ററിന് മൂന്നു രൂപ നിരക്കിലാണ് ഇൻസെന്റീവ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.

| സംഘത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|
| നെടിയകാല ക്ഷീരോല്പാദക സഹകരണ സംഘം | 381075 |
| കുറിയാനിപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം | 100340 |
| ഇലവുംതിട്ട ക്ഷീരോല്പാദക സഹകരണ സംഘം | 18585 |
| ആകെ | 500000 |

കർഷകർ പാലളന്നതിന്റെ വിവരങ്ങൾ സംഘങ്ങൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് തുക അനുവദിച്ചു നൽകുകയും സംഘങ്ങൾ കർഷകരുടെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതുമായ രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കർഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക അനുവദിച്ചു നൽകുന്നതിന് പകരം (Direct Benefit Transfer) സംഘങ്ങൾക്ക് നൽകിയത് സുതാര്യമായ പദ്ധതി നിർവ്വഹണമല്ല. സഹകരണ സംഘങ്ങളിൽ ഓരോ മാസവും കർഷകർ അളന്ന പാലിന്റെ കൃത്യമായ വിവരങ്ങൾ ഇൻസെന്റീവ് തുക അനുവദിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിട്ടില്ല. കുറിയാനിപ്പള്ളി സംഘം ഹാജരാക്കിയിട്ടുള്ള 44484 രൂപയുടെ സ്റ്റേറ്റ്മെന്റിൽ കർഷകരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല. നെടിയകാല സംഘം മാത്രമാണ് ഇൻസെന്റീവായി അനുവദിച്ച തുക കർഷകരുടെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്തതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുള്ളത്.

ഇൻസെന്റീവ് തുക അനുവദിക്കുന്നതിന് മുമ്പ് ആയതിനെ സാധൂകരിക്കുന്ന എല്ലാ രേഖകളും വാങ്ങി പരിശോധിക്കുകയും ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടില്ല. വരുംവർഷങ്ങളിൽ സംഘങ്ങൾ മുഖേന ഇൻസെന്റീവ് അനുവദിക്കുന്ന രീതി ഒഴിവാക്കി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇൻസെന്റീവ് തുക നേരിട്ട് ക്രഡിറ്റ് ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

(2) ഇൻസെന്റീവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തം

ക്ഷീര മേഖലയിലെ കർഷകർ വളരെയധികം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പഞ്ചായത്തിൽ പാലുല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കർഷകർക്കും അവർ ഉദ്പാദിപ്പിച്ച പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിന് പര്യാപ്തമല്ലായിരുന്നു. തൻമൂലം പാലളക്കുന്ന എല്ലാ മാസങ്ങളിലും ഇൻസെന്റീവ് തുക പൂർണ്ണമായി കർഷകർക്ക് നൽകുവാൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ എല്ലാ ക്ഷീര കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായി ലഭിക്കത്തക്ക രീതിയിൽ തുക വകയിരുത്തുന്നത് ഉചിതമായിരിക്കും.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (11/18) | 25000 | 0 |
| | 100000 | അങ്കണവാടി പൂരക പോഷകാഹാരം (13/18) | 100000 | 0 |
| | 1023000 | പ്ലാസ്റ്റിംഗ് ഷ്രഡ്ഡിംഗ് യൂണിറ്റിനുള്ള ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങൽ (172/18) | 0 | 1023000 |
| | 50000 | പാലിന് സബ്സിഡി (133/18) | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (11/18) | 100000 | 0 |
| | 100000 | അങ്കണവാടി പൂരക പോഷകാഹാരം (13/18) | 100000 | 0 |
| | 400000 | 66-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം (186/18) | 0 | 400000 |
| | 500000 | പ്ലാസ്റ്റിംഗ് ഷ്രഡ്ഡിംഗ് യൂണിറ്റിനുള്ള ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങൽ (173/18) | 0 | 500000 |
| | 200000 | പാലിന് സബ്സിഡി (133/18) | 200000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ മാറ്റ് സ്ഥാപിക്കൽ (91/18) | 26797 | 0 | ഇല്ല | 26797 |
| | സട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (118/18) | 2461282 | 0 | ഇല്ല | 2461282 |
| | സട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (119/18) | 199357 | 0 | ഇല്ല | 199357 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ

**(i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥാര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2012-13 | 3-7 | 2013-14/5.3,5.6 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു. |
| 2012-13 | 3-11 | 2013-14/5-10 | ആട്ട ഗ്രാമം പദ്ധതി- തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55350498 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44586038 |
| വരവിനങ്ങളിലുള്ള നഷ്ടം | 10000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 107250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1835722 |

**ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-6 | 10000 | | ശ്രീമതി പി.എം. ഷൈലജ, സെക്രട്ടറി |
| 3-2 | | 96000 | ശ്രീ വി.അജിത്, കൃഷി ഓഫീസർ |
| 3-3 | | 11250 | ശ്രീ വി.അജിത്, കൃഷി ഓഫീസർ |
| ആകെ | 10000 | 107250 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 513200 | ശ്രീ വി. അജിത്, കൃഷി ഓഫീസർ |
| 3-3 | 690000 | ശ്രീ സന്തോഷ് കുമാർ ടി., സെക്രട്ടറി |
| 3-12 | 395000 | ശ്രീ സന്തോഷ് കുമാർ ടി., സെക്രട്ടറി |
| 3-13 | 237522 | ശ്രീ ഷാജു.പി.എ., സെക്രട്ടറി |
| ആകെ | **1835722** | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വി. അജിത്,<br>കൃഷി ഓഫീസർ | സേവനത്തിൽ നിന്നും വിരമിച്ചു | അജിത് ഗാർഡൻസ്<br>കുലശേഖരപുരം<br>പത്തനംതിട്ട.പി.ഒ |
| ശ്രീമതി പി.എം. ഷൈലജ<br>സെക്രട്ടറി | സെക്രട്ടറി<br>പാണ്ടനാട് ഗ്രാമപഞ്ചായത്ത്<br>ആലപ്പുഴ | പ്രണവം<br>മാന്നാർ.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി2/322/98/ തീയതി 07-10-99 | 1 |
| 1997-98 | എൽ.എഫ്.പി.റ്റി.എ. പി2/938/99/ തീയതി 06-9-00 | - |
| 1998-99 | എൽ.എഫ്.പി.റ്റി.എ. പി2/581//01 തീയതി 29-10-01 | - |
| 1998-99(ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി2/216/99/ തീയതി 08-03-00 | 5 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി2/709/99/ തീയതി 14-03-00 | 6 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി2/864/01/ തീയതി 02-02-01 | 17 |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി2/230/02/ തീയതി 11-10-02 | 19 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/222/05/ തീയതി 11-08-05/ 14-10-05 | 1 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി3/339/04/ തീയതി 07-01-05 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/537/06/ തീയതി 15-09-06/09-02-07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6/894/08/ തീയതി 30-09-08 | 11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി5/365/10/ തീയതി 02-06-11 | 12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി5/939/11/ തീയതി 20-12-11/5-6-13 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി5/940/11/ തീയതി 19-12-11/5-6-13 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി5/380/12/ തീയതി 26-05-12/5-6-13 | 5 |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി5/382/11/ തീയതി 26-05-12/5-6-13 | 3 |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി5/383/11/ തീയതി 26-05-12/5-6-13 | 3 |
| 2011-12 | എൽ.എഫ്.പി.റ്റി.എ. പി11/210/14 തീയതി 11-08-2014 | - |
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി11/1062 /14 തീയതി 05-11-2014 | 8 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/296/2016 തീയതി 23-03-2016 | 26 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1204/2016 തീയതി 17-11-2016 | 26 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/895/2017 തീയതി 27-07-2017 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി11/1404/18 തീയ്യതി : 06-10-2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.K.S.A.PTA.P 11/1404/18 Dated : 06-10-2018

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **Mezhuveli Grama Panchayat** in Pathanamthitta District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Mezhuveli Gramma Panchayat** for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

**HABEEB MUHAMMED**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**